നമ്പർ 142/2010

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,
ആത്മാവിൽ ബലപ്പെട്ടും ദൈവീക ജ്ഞാനത്തിൽ നിറഞ്ഞും സഭയ്ക്കും സമൂഹത്തിനും നന്മകൾ പ്രദാനം ചെയ്യുന്ന ഉത്തമ പൗരന്മാരായി നമ്മുടെ സഭയിലെ പുത്തൻ തലമുറയെ വളർത്തിക്കൊണ്ട് വരിക എന്ന ശ്രേഷ്ഠമായ ദൗത്യമാണ് പ. സഭയിലെ സൺഡേസ്കൂൾ പ്രസ്ഥാനം പ്രാരംഭ കാലം മുതൽ നിർവ്വഹിച്ചുവരുന്നത്. പ. സഭ നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീയ പരിശീലനത്തിന് സജീവതാത്പര്യം എടുക്കുന്നുണ്ട് എന്നതിന്റെ തെളിവാണ് സൺഡേസ്കൂൾ പ്രസ്ഥാനവും ഒ. വി. ബി. എസും വഴിയായി നാം ചെയ്തുകൊണ്ടിരിക്കുന്ന ശ്രദ്ധേയമായ വിവിധ കർമ്മപരിപാടികൾ. ആധുനിക കാലഘട്ടത്തിന്റെ സമസ്ത വെല്ലുവിളികളേയും അതിജീവിക്കുവാൻ തക്ക വണ്ണം നമ്മുടെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ ആത്മീയ പരിപോഷണവും ശിക്ഷണവും സൺഡേസ്കൂൾ വഴി യായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നാം ഓർമ്മിപ്പിക്കു ന്നു.

നമ്മുടെ സഭയിലെ സൺഡേസ്കൂൾ പ്രസ്ഥാനവും ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂളും സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പാഠപുസ്തകങ്ങൾ ആനുകാലികമാക്കുന്നതിലും കുട്ടികൾക്ക് പ്രയോജനപ്രദവും പ്രിയകരവുമായ പരിപാടികൾ ആവിഷ്കരിക്കുന്നതിലും നമ്മുടെ സൺഡേസ്കൂൾ അസ്സോസിയേഷൻ ശ്രദ്ധിക്കുന്നുണ്ട്. വർഷം തോറും നടത്തിവരുന്ന ജീവകാരുണ്യദിനാചരണം സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് കുഞ്ഞുങ്ങളിൽ അവബോധം ഉളവാക്കുന്നതിനും, സഹായത്തിന്റെ കരം നീട്ടിക്കൊടു ക്കുവാൻ പ്രേരിപ്പിക്കുന്നതിനുമാണ്. ഈവർഷം സൺഡേസ്കൂൾ ദിനമായി ആചരിക്കുന്നത് മെയ് മാസം 16-ാം തീയതി ഞായറാഴ്ചയാണ്. അന്ന് നമ്മുടെ എല്ലാ പള്ളികളിലും പ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അന്നത്തെ പള്ളിക്കാണിക്ക മുഴുവനും പ്രസ്ഥാനത്തിനായി നൽകുകയും വേണം. അന്ന് വിശുദ്ധ കുർബ്ബാന ഇല്ലാത്ത പള്ളികളിൽ അതിനടുത്ത് കുർബ്ബാനയുള്ള ഞായറാഴ്ചത്തെ കാണിക്ക നൽകണം. അന്നേദിവസം സൺഡ്സേകൂൾ പ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തുന്ന കവർ പിരിവിലും എല്ലാ ഭവനങ്ങളും താത്പര്യ പൂർവ്വം സഹകരിക്കണം. അന്നേദിവസം സമാഹരിക്കുന്ന തുകയാണ് സൺഡേസ്കൂൾ പ്രസ്ഥാനത്തിനും, ഒ. വി. ബി. എസ്സിനുമുള്ള മുഖ്യമായ വരുമാനമെന്ന കാര്യം നാം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. കാണിക്കയും, കവർപിരിവും യഥാസമയം ചുമതലപ്പെട്ടവരെ ഏല്പിക്കണം. നമ്മുടെ വാത്സല്യനിധികളായ കുഞ്ഞുങ്ങളോ ടുള്ള നമ്മുടെ സ്നേഹവും കരുതലുമാണ് അവർക്ക് വേണ്ടിയുള്ള ഈ സംരംഭത്തിൽ നാം വെളിപ്പെടുത്തേണ്ടത്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസി ന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനക ളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................
2010 മാർച്ച് മാസം 30 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

ബസ്സേലിയോസ മാരത്തോമ്മാ ദദ്വമോസ പ്രഥമൻ